പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3769 20/07/2015 ൽ മറുപടിയ്ക്ക്

## ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിക്കുന്നതിനുള്ള ചുമതല ഏതു പ്രസ്സിനാണ് നൽകിയിരിക്കുന്നത്; വിശദാംശം നൽകാമോ; | എ ബി & സി | ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഗവ.ഉടമസ്ഥതയിലുള്ള സി-ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ സി-ആപ്റ്റിന് അച്ചടി പൂർത്തികരിക്കാൻ കഴിയാതിരുന്നതിനാൽ സർക്കാർ അംഗീകാരത്തോടെ പുറം കരാർ നൽകിയിരുന്നു. എല്ലാ ടെണ്ടർ നടപടി ക്രമങ്ങളും പാലിച്ചാണ് അപ്രകാരം ടെൻഡർ ഉറപ്പിച്ച് നൽകിയതെന്ന് സി.ആപ്റ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 2015-16 ലെ പാഠപുസ്തക അച്ചടിക്ക് 19,22,36,259/- രൂപ ചെലവു വരുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി ടെൻഡർ നടപടികൾ പാലിച്ചാണോ പ്രസ്തുത പ്രസ്സിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത്; ഇല്ലെങ്കിൽ ടെൻഡർ കൂടാതെ സ്വകാര്യ പ്രസ്സിന് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ചുമതല നൽകാനിടയായ സാഹചര്യം വിശദീകരിക്കാമോ; | | |
| സി ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ വൈകിച്ച് ടെൻഡർ കൂടാതെ സ്വകാര്യ പ്രസ്സിന് നൽകാനിടയായ സാഹചര്യം വിശദീകരിക്കാമോ | | |
| ഡി ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സ്വകാര്യ പ്രസ്സിന് എത്ര രൂപയാണ് നൽകേണ്ടി വരുന്നത്. | | |

സെക്ഷൻ ഓഫീസർ